നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻഡോസൾഫാൻ രോഗികളുടെ ബാങ്ക് വായ്പ എഴുതി തള്ളാൻ നടപടി

70 (71) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ രോഗികളുടെ പട്ടികയിൽപ്പെട്ട രോഗികളോ, അവരുടെ രക്ഷിതാക്കളോ ആയ എത്രപേർ വിവിധ ബാങ്കുകളിൽനിന്ന് വായ്പയെടുത്തിട്ടുണ്ട് ;

(ബി) ഓരോരുത്തരുടെയും പേരുവിവരങ്ങളും, വായ്പകുടിശ്ശികയും സംബന്ധിച്ച് വിശദീകരിക്കുമോ ;

(സി) എൻഡോസൾഫാൻ രോഗികളുടെ ബാങ്ക് വായ്പ എഴുതി തള്ളാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ മാനദണ്ഡം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) എൻഡോസൾഫാൻ ദുരിത ബാധിതരും അവരുടെ കുടുംബംഗങ്ങളുമായി 3894 പേർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോൺ എടുത്തിട്ടുള്ളതായി ബോദ്ധ്യമായിട്ടുണ്ട്. കടബാദ്ധ്യതകൾ എഴുതി തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലെയിമുകൾ സ്വീകരിക്കുന്ന നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ പേരുവിവരങ്ങളും വായ്പാകുടിശ്ശികയുടെയും വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി & ഡി) എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടബാധ്യതകൾ എഴുതിതള്ളുന്നതിന് മാനദണ്ഡങ്ങൾ ബാധകമാക്കിക്കൊണ്ട് സ.ഉ.(എംഎസ്.) നമ്പർ 298/14/ആ.കു.വ. തീയതി, 10-10-2014 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ ഫണ്ടിനായുള്ള അപേക്ഷ തീർപ്പ്

71 (72) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ ഫണ്ടിനായുള്ള അപേക്ഷ തീർപ്പ് സംബന്ധിച്ച വിവരങ്ങൾ യഥാസമയം ഔദ്യോഗിക വെബ്സൈറ്റിൽ നൽകാറുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly